(ബി) കോട്ടയം : വിഴിക്കത്തോട്, പാറത്താനം.

ഇടുക്കി: പെരുവന്താനം, മണക്കാട്.

മലപ്പുറം: ഇടക്കര, ഏലാംകുളം.

കണ്ണൂർ : ചെങ്കളായി, ഇരിക്കൂർ, കേളകം എന്നീ പി. എച്ച്. സി. കളിലാണ് ഡോക്ടർ ഇല്ലാത്തത്.

(സി) എറുവശ്ശി, എട്ടികുളം, ഏഴോം, കുറുമാത്തൂർ, വള്ളിത്തോട്, കുഞ്ഞിമംഗലം, കുട്ടിയാട്ടൂർ, ഇരിക്കൂർ, പഴയങ്ങാടി, കൊട്ടിയൂർ, ഉദയഗിരി എന്നീ പി. എച്ച്. സി. കളിലാണ് ഡോക്ടർമാർ ഇല്ലാത്തത്.

ഡോക്ടർമാർക്കും മറ്റ് പാരാ മെഡിക്കൽ ജീവനക്കാർക്കും ശൂന്യവേതന അവധി

148. [915] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ ഡോക്ടർമാർക്കും മറ്റ് പാരാമെഡിക്കൽ ജീവനക്കാർക്കും ശൂന്യവേതന അവധി അനുവദിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ അവ എന്താണ് എന്ന് വിശദീകരിക്കുമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഈ വ്യവസ്ഥകൾ അനുസരിച്ച് ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നതിനുവേണ്ടി എൽ. ഡബ്ല്യൂ. എ. അനുവദിക്കുമോ ; അതിനുള്ള മാനദണ്ഡം എന്താണ് ;

(സി) പ്രൊബേഷൻ പൂർത്തിയാക്കാത്ത ഡോക്ടർമാർക്ക് ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നതിന് എൽ. ഡബ്ല്യൂ. എ. നൽകാറുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്താണ്;

(ഡി) ബിരുദാനന്തര ബിരുദ പഠനത്തിന് ഓപ്പൺക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുമ്പോൾ പി.എസ്.സി. മുഖേന ലക്ചർ നിയമനം ലഭിക്കുകയും കോഴ്സ് പൂർത്തീകരിക്കാൻ ശൂന്യവേതന അവധി നൽകുകയും ചെയ്യുമ്പോൾ കോഴ്സ് കഴിഞ്ഞ നിശ്ചിത കാലാവധി സർക്കാർ സേവനം നടത്തണമെന്ന് നിഷ്കർഷിക്കാറുണ്ടോ ;

(ഇ) എങ്കിൽ എത്ര കേസുകളിൽ ഈ നിബന്ധന പാലിച്ചിട്ടുണ്ട് ;

(എഫ്) എത്ര കേസുകളിൽ നിബന്ധന ഒഴിവാക്കിക്കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡോക്ടർമാർ ഉൾപ്പെടെ ആശുപത്രികളിലെ ലാബ് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ, റേഡിയോഗ്രാഫർ എന്നീ തസ്തികകളിലെ ജീവനക്കാർക്ക് ശൂന്യവേതന അവധി അനുവദിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 22-7-2003-ലെ ജി.ഒ. (ആർ.റ്റി) നം. 2190/03 ആ.കു.വ. 10-10-2003-ലെ ജി.ഒ. (ആർ.റ്റി) 2953/03/ആ.കു.വ. 20-6-2005-ലെ ജി.ഒ.(ആർ.റ്റി) നം. 1772/05 ആ.കു.വ. നമ്പർ ഉത്തരവുകൾ പ്രകാരം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. †

(ബി) ഈ വ്യവസ്ഥകൾ അനുസരിച്ച് ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നതിന് വേണ്ടി ശൂന്യവേതന അവധി അനുവദിക്കുന്നതാണ്. അവധി അനുവദിക്കുന്നതിന് ബിരുദാനന്തര ബിരുദം കഴിഞ്ഞ് വരുന്നവർ 5 വർഷം സർക്കാരിനെ സേവിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം 5 ലക്ഷം രൂപ സർക്കാരിൽ അടച്ചുകൊള്ളാമെന്നും ബോണ്ട് നൽകേണ്ടതാണ്.

(സി) ഉണ്ട്. പ്രൊബേഷൻ പൂർത്തിയാക്കാത്ത ഡോക്ടർമാർ ഉപരിപഠനം കഴിഞ്ഞ് തിരികെ സർവ്വീസിൽ പ്രവേശിക്കുമ്പോൾ അവധിയുടെ കാലയളവ് കൂടി ചേർത്ത് പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

(ഡി) ഓപ്പൺ കൗാട്ടയിൽ ഉപരിപഠനത്തിന് അഡ്മിഷൻ ലഭിച്ചിട്ടുള്ളവർക്ക് ഈ നിബന്ധന ബാധകമല്ല.

(ഇ & എഫ്) ബാധകമല്ല.

കേന്ദ്രസർക്കാരിന്റെ പ്രത്യേക മാനസികാരോഗ്യ ബോധവൽക്കരണ പരിപാടി

149. [916] ശ്രീ. ബിനോയ് വിശ്വം :

" മാങ്കോട് രാധാകൃഷ്ണൻ :

" പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ പ്രത്യേക മാനസികാരോഗ്യ ബോധവൽക്കരണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളെ ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഇപ്പോൾ ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly